# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം *162 11.6.2018- ൽ മറുപടിയ്ക്ക്

## പ്രവാസി മലയാളികളുടെ ക്ഷേമവും പുനരധിവാസവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>,, രാജു എബ്രഹാം<br>,, എ. എൻ. ഷംസീർ<br>,, പി.ടി.എ. റഹീം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനും മടങ്ങി വരുവാൻ നിർബന്ധിതരാകുന്നവരുടെ പുനരധിവാസത്തിനുമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) പ്രവാസികളുടെ ക്ഷേമം, പുനരധിവാസം എന്നിവയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• പ്രീ ഡിപ്പാർച്ചർ ഓറിയൻറേഷൻ പ്രോഗ്രാം<br>• വ്യാജറിക്രൂട്ട്മെൻറ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം<br>• മാർക്കറ്റ് ഇൻറലിജൻസ്, റിക്രൂട്ട്മെൻറിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ധ്യ പരിശീലനം<br>• ലോക കേരള സഭ<br>• ആഗോള സാംസ്കാരികോൽസവം<br>• നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെൻറർ<br>• സ്വപ്ന സാഫല്യം<br>• കാൾ സെൻറർ<br>• സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ<br>• ഓൺലൈൻ രജിസ്ട്രേഷൻ |

സംവിധാനവും ഡാറ്റാബേയ്സ് രൂപീകരണവും

- എൻ.ആർകെ ഐ.ഡി കാർഡ്
- എൻ.ആർ.കെ ഇൻഷ്വറൻസ് കാർഡ്
- റിക്രൂട്ട്മെൻറ്
- സാന്ത്വന പദ്ധതി
- കാരുണ്യം

തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരികെയെത്തുന്ന പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുകയും അവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടു കൂടി ആരംഭിച്ചതാണ് ഈ പദ്ധതി.

കൂടാതെ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേനെ താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

- കുറഞ്ഞത് 2000/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ
- കുടുംബ പെൻഷൻ
- മരണാനന്തര ധനസഹായം
- ചികിത്സാ ധനസഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസാനുകൂല്യം

| | |
|---|---|
| ബി) പ്രവാസികളുടെ സമ്പാദ്യം നിശ്ചല നിക്ഷേപമായി തീരാതെ നാടിന്റെ വികസനത്തിന്ചാലകശക്തിയാക്കാൻ പര്യാപ്തമായ വിധത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. പ്രവാസി മലയാളികളുടെ നിക്ഷേപം കേരളത്തിലെ സംരംഭക മേഖലകളിൽ കൊണ്ടുവരുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ഇതിനുവേണ്ട പിന്തുണ നൽകുന്നതിനുമായി നോർക്ക വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള |

ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെൻറർ (NBFC). നിക്ഷേപതൽപ്പരരായ പ്രവാസികൾക്ക് വിവിധ അനുമതികൾ നേടുന്നതിൽ ഒരു ഏകജാലക സംവിധാനമായി ഈ സെൻറർ പ്രവർത്തിക്കും. കുറഞ്ഞ ചെലവിലും നഷ്ടസാധ്യതകൾ വിലയിരുത്തിയും നിക്ഷേപങ്ങൾ നടത്തുവാൻ സെൻറർ സഹായകമാകും. നോർക്ക വകുപ്പിന്റെ പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ബോധവത്കരണ പരിശീലന പരിപാടികളും ഈ സെൻററിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്.

| | |
|---|---|
| സി) പ്രവാസികൾക്കായുള്ള ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലേയ്ക്കായി പ്രവാസികളെക്കുറിച്ചുള്ള കൃത്യതയാർന്ന വിവരശേഖരണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) പ്രവാസികൾക്കായുള്ള സർക്കാർ പദ്ധതി രൂപീകരണത്തിനുള്ള വിവിധ വിവരങ്ങൾ ലഭിക്കുന്നതിനു സമഗ്രമായ ഓൺ ലൈൻ ഡാറ്റാ ബേസ് തുടങ്ങുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. ആകർഷകമായ രീതിയിൽ ഒരു ഇൻഷുറൻസും ഇതോടൊപ്പം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. മാത്രമല്ല, പ്രവാസികളെ കുറിച്ചുള്ള വിവര ശേഖരണത്തിനായി സർക്കാർ സ്ഥാപനമായ സി ഡി എസ് മുഖേനെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ